പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3148 10.05.2017 -ൽ മറുപടിക്ക്.

## റേഷൻ വ്യാപാര രംഗത്തെ അഴിമതി കുറയ്ക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ വ്യാപാര രംഗത്തെ അഴിമതി കുറയ്ക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ; | (എ) റേഷൻ വ്യാപാര രംഗത്തെ അഴിമതി കുറയ്ക്കുന്നതിന്റെ ഭാഗമായി റേഷൻ മറിച്ച് വിൽപന, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം വകുപ്പ് തലത്തിൽ നിലവിലുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും ലീഗൽ മെട്രോളജി, പോലീസ്, റവന്യൂ എന്നീ വകുപ്പുകളെ കൂടി ഏകോപിപ്പിച്ചു കൊണ്ടും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡികളും മാസത്തിൽ ഒരു തവണ പരിശോധിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം പത്ത് കാർഡുകളെങ്കിലും പരിശോധിച്ച് കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പ് വരുത്തുന്നു. വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഭാഗമായ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതോടു കൂടി റേഷൻ വിതരണം പൂർണ്ണമായും സുതാര്യമാകുന്നതാണ്. |
| (ബി) റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ കൂട്ടി നൽകാത്തതും സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെ അഴിമതിയും മൂലമാണ് ഈ രംഗത്തെ അഴിമതി വർദ്ധിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(സി) ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ പൊതു വിതരണ രംഗത്ത് കാതലായ മാറ്റങ്ങൾക്ക് വഴി തെളിച്ചു കൊണ്ട് ഭക്ഷ്യ ഭദ്രതാ നിയമം 01.11.2016 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയത് പൂർണ്ണമായി നടപ്പിലാക്കുന്നതോടു കൂടി പൊതു വിതരണ രംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകും. |

സെക്ഷൻ ഓഫീസർ